LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ശരാശരി 5,30,000 ത്തോളം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നു. ഇനം തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്. ശ്രീ. മനീന്ദർജിത്ത് സിംഗ് ബിട്ട ഫയൽ ചെയ്ത Writ Petition (Civil) No. 510 of 2005-നുമേൽ ബഹു. സുപ്രീംകോടതി 13-8-2010-ൽ പുറപ്പെടുവിച്ച വിധി പ്രകാരം സംസ്ഥാനത്ത് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുവാനും പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ എട്ട് ആഴ്ചയ്ക്കുള്ളിൽ ദർഘാസ് വിളിക്കുവാനും നിർദ്ദേശിക്കുകയുമുണ്ടായി. ഇത് പ്രകാരം G.O (Ms) No.69/2010/Tran dated, 7-10-2010 ഉത്തരവ് പ്രകാരം ഈ മൂന്ന് ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ ദർഘാസ് വിളിക്കുവാൻ സർക്കാർ അനുമതി നൽകുകയും അതിൻ പ്രകാരം 7-10-2010-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന തീയതി 31-1-2011 ആണ്. ഈ നമ്പർ പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് യാതൊരു സംവിധാനങ്ങളും സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല. എന്നാൽ ദർഘാസിലെ നിബന്ധന പ്രകാരം കരാർ ലഭിക്കുന്ന കമ്പനി മൂന്ന് മാസത്തിനകം പ്ലേറ്റ് നിർമ്മിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതാണ്.

(സി) അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ സംസ്ഥാനത്ത് നടപ്പിലാക്കിയാൽ മാത്രമേ ഇത് നിർമ്മിക്കുന്നതിനുള്ള തുക എത്രയാണെന്ന് അറിയാൻ കഴിയുകയുള്ളു.

കെ.എസ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണം

153 (750) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ സ്വന്തമായി പ്രതിമാസം ശരാശരി എത്ര ബസ് ബോഡികളാണ് നിർമ്മിക്കുന്നത് എന്നറിയിക്കുമോ ;

(ബി) കെ. എസ്. ആർ. ടി. സി. യുടെ ഏതൊക്കെ വർക്ക് ഷോപ്പുകളിലാണ് ഇത്തരത്തിൽ ബസ് ബോഡികൾ നിർമ്മിക്കുന്നത് ;

(സി) കെ. എസ്. ആർ. ടി. സി. യുടെ പാപ്പനംകോട് സെൻട്രൽ വാക്സിൻ ബസ് ബോർഡി നിർമ്മാണത്തിനായി നിലവാരമില്ലാത്ത സാധനങ്ങൾ വാങ്ങിയതായി പരാതി ഉണ്ടായിരുന്നുവോ ;

(ഡി) ഇത്തരത്തിൽ നിലവാരം കുറഞ്ഞ സാധനങ്ങൾ തിരിച്ചയച്ചിരുന്നുവോ ; എങ്കിൽ ഇത്തരത്തിൽ ഏതൊക്കെ സാധനങ്ങളാണ് തിരിച്ചയച്ചത് എന്ന് അറിയിക്കുമോ ;

(ഇ) ഗുണനിലവാരമില്ലാത്ത ഇത്തരം സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി എടുത്തു എന്നറിയിക്കുമോ ?

ഉത്തരം

(എ) ശരാശരി പ്രതിമാസം 60 ബസ് ബോഡികൾ

(ബി) 1. സെൻട്രൽ വർക്ക്സ്, പാപ്പനംകോട്.

2. റീജിയണൽ വർക്ക്ഷോപ്പ്, എടപ്പാൾ.

3. റീജിയണൽ വർക്ക്ഷോപ്പ്, ആലുവ.

4. റീജിയണൽ വർക്ക്ഷോപ്പ്, കോഴിക്കോട്.

5. റീജിയണൽ വർക്ക്ഷോപ്പ്, മാവേലിക്കര.

(സി) പരാതി ഉണ്ടായിരുന്നു.എന്നാൽ അത് വാസ്തവ വിരുദ്ധമാണ്. കെ.എ സ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണത്തിനായി നിലവാരമില്ലാത്ത സാധനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ വിതരണക്കാർ, വിതരണം ചെയ്ത ഗുണനിലവാരമില്ലാത്ത സാധനങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ പരിശോധനാ വിഭാഗം, അവരുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ട്, ആയവ തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തിരിച്ചയച്ചിരുന്നു.

1. അലൂമിനിയം ചെക്കേർഡ് ഷീറ്റ്.
2. ഇ.ആർ.ഡബ്ല്യു. സി.ആർ. ട്യൂബ് (40X40X2 മില്ലീമീറ്റർ.)
3. എസ്.എസ്. ഷീറ്റ്.
4. എസ്.എസ്. പൈപ്പ്.

(ഇ) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വാങ്ങിയിട്ടില്ല. വിതരണക്കാർ, വിതരണം ചെയ്യുന്ന സാധന സാമഗ്രികൾ കെ.എസ്.ആർ.ടി.സി. യുടെ പരിശോധനാ വിഭാഗം പരിശോധിച്ച്, ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷമേ സ്വീകരിക്കാറുള്ളു. ഇപ്രകാരമുള്ള പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയാൽ, ആയത് തിരിച്ചയയ്ക്കുകയാണ് പതിവ്. അതോടൊപ്പം ഡിപ്പാർട്ട്മെന്റൽ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട വിതരണക്കാർക്ക് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

373/14

LIBRARY ARCHIVES Kerala Legislative Assembly